# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.2362

05.02.2018-ൽ
മറുപടിയ്ക്ക്

## കിൻഫ്രയുടെ പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ.എ.പി.അനിൽ കുമാർ | | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനകാര്യവും<br>വകുപ്പ് മന്ത്രി) |
|---|---|---|
| എ) കിൻഫ്രയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; സംസ്ഥാനത്തിന്റെ വ്യവസായ മേഖല പുഷ്ടിപ്പെടുത്തുന്നതിനായി കിൻഫ്ര ആവിഷ്കരിച്ചിട്ടുള്ള പുതിയ പദ്ധതികൾ എന്തൊക്കെയാണ്; | എ) | ഉണ്ട്. സംസ്ഥാനത്തിന്റെ വ്യവസായ മേഖല പുഷ്ടിപ്പെടുത്തുന്നതിനായി കിൻഫ്ര ആവിഷ്കരിച്ചിട്ടുള്ള പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു<br>1. മെഗാഫുഡ് പാർക്ക്, പാലക്കാട്<br>2. ഡിഫൻസ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട്<br>3. ഐ.ടി/ഐ.ടി അധിഷ്ഠിത പ്രത്യേക സാമ്പത്തിക മേഖല, കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്ക്, തിരുവനന്തപുരം-രണ്ടാം ഘട്ട വികസനം<br>4. ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, എറണാകുളം<br>5. പെട്രോകെമിക്കൽ പാർക്ക്, എറണാകുളം<br>6. സ്പൈസസ് പാർക്ക്, തൊടുപുഴ, ഇടുക്കി<br>7. അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, രാമനാട്ടുകര, കോഴിക്കോട്<br>8. അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, പുഴക്കൽ, തൃശ്ശൂർ<br>9. കിൻഫ്ര കൊരട്ടി പാർക്കിന്റെ രണ്ടാംഘട്ട വികസനം<br>10. ഫാർമാ പാർക്ക്, എറണാകുളം<br>11. കിൻഫ്ര പാർക്ക്, കാക്കഞ്ചേരി-രണ്ടാം ഘട്ട വികസനം<br>12. ജെം & ജ്വവലറി പാർക്ക്, പുഴക്കൽ<br>13. ഇന്റർനാഷണൽ എക്സിബിഷൻ ആന്റ് കൺവെൻഷൻ സെന്റർ എറണാകുളം<br>14. വിവിധോദ്ദേശ സോണുകൾ- കണ്ണൂർ, തൊടുപുഴ, വിഴിഞ്ഞം, കാസർഗോഡ് |
| ബി) മലപ്പുറം കാക്കംചേരിയിലെ കിൻഫ്ര ടെക്നോ ഇൻഡസ്ട്രിയൽ പാർക്കിൽ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണ്; | ബി) | ഒരു ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ബഹുനില കെട്ടിടം നിർമ്മിക്കുന്നതിനുള്ള ടെൻഡർ നടപടികൾ പൂർത്തീകരിച്ച് വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം ആരംഭിച്ചു |
| സി) തൃശ്ശൂർ പുഴയ്ക്കലിലെ കിൻഫ്ര പാർക്കിൽ വിവര സാങ്കേതിക അധിഷ്ഠിതമായ സേവന മേഖലയിൽ എന്തൊക്കെ പ്രത്യേക സൗകര്യങ്ങളാണ് സജ്ജീകരിച്ചിട്ടുള്ളത്; വിശദാംശം നല്കുമോ? | സി) | തൃശ്ശൂർ ജില്ലയിലെ പുഴക്കലിൽ 30 ഏക്കർ സ്ഥലത്ത് 10 ഏക്കർ അഡ്വാൻസ്ഡ് ടെക്നോളജി പാർക്കിനും 10 ഏക്കറിൽ പൊതുവായ വ്യവസായ പാർക്കിനും 10 ഏക്കറിൽ സ്വർണ്ണ അധിഷ്ഠിത വ്യവസായങ്ങൾക്കുമായാണ് വിഭാവനം ചെയ്തിട്ടുള്ളത്.<br>കിൻഫ്ര സ്ഥാപിക്കുന്ന അഡ്വാൻസ്ഡ് ടെക്നോളജി പാർക്കിൽ ഒന്നാം ഘട്ടം എന്ന നിലയ്ക്ക് ഒരു ലക്ഷം ചതുരശ്ര അടിയുള്ള ബഹുനില ഫാക്ടറി കെട്ടിടമാണ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. ഇതിന്റെ പ്രാരംഭ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഐ.ടി/ഐ.ടി.അധിഷ്ഠിത വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങൾക്കായാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ